(ജി) എങ്കിൽ എവിടെയാണ് അച്ചടിപ്പിച്ചതെന്ന് പറയുമോ; അതിന് എന്ത് ചെലവ് വന്നു; ഒരു ഗവൺമെന്റ് വകുപ്പിന്റെ റിപ്പോർട്ട് പുറത്ത് അച്ചടിപ്പിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)-(ഡി) ബാധകമല്ല.

(ഇ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ സമാഹൃത റിപ്പോർട്ടുകൾ സാധാരണയായി അച്ചടിക്കുന്നത് സർക്കാർ സ്ഥാപനങ്ങളിലാണ്.

(എഫ്) ഇല്ല. എന്നാൽ കരട് റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ഡി.റ്റി.പി.യിൽ ചെയ്തത് സ്വകാര്യ സ്ഥാപനം മുഖേനയാണ്.

(ജി) 1999-2000 ലെ സമാഹൃത റിപ്പോർട്ട് സർക്കാർ സ്വയം ഭരണ സ്ഥാപനമായ കേരള ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലാണ് അച്ചടിച്ചത്.

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ

53 (386) ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറായി നിയമിച്ചിരിക്കുന്നത് ആരെയാണ്;

(ബി) ഇദ്ദേഹം ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്;

(സി) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ ഏത് വ്യവസ്ഥ പ്രകാരമാണ് ഈ നിയമനം നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇദ്ദേഹത്തെ ഡെപ്യൂട്ടേഷനിൽ നിയമിച്ചതിനെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാർ സമരം നടത്തിവരുന്നുണ്ടോ;

(ഇ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാരുടെ പ്രൊമോഷൻ തസ്തികയിൽ നടത്തുന്ന ഡെപ്യൂട്ടേഷൻ നിയമനങ്ങൾ അവരുടെ പ്രൊമോഷൻ സാദ്ധ്യതയെ തടയുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതിനെന്ത് പരിഹാരമുണ്ടാക്കാനുദ്ദേശിക്കുന്നു;

(ജി) ഇപ്പോഴത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഡെപ്യൂട്ടേഷൻ കാലാവധി നീട്ടിക്കൊടുക്കുവാൻ നടപടിയെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലെന്ന് വ്യക്തമാക്കുമോ; ഈ ഡയറക്ടറുടെ നിയമന കാലാവധി എന്നവസാനിക്കും;

(എച്ച്) ഈ തസ്തികയിലേയ്ക്ക് പ്രൊമോഷനിൽ നിയമനം നടത്തുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ശ്രീമതി പി. രാധാദേവിയെയാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറായി നിയമിച്ചിരിക്കുന്നത്.

(ബി) ഐ.എ.ആന്റ് എ.എസ്. കേഡറിലുള്ള ഉദ്യോഗസ്ഥയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1994-ലെ സെക്ഷൻ 3(1) പ്രകാരവും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് പ്രകാരവുമാണ് ഡയറക്ടറെ നിയമിച്ചിരിക്കുന്നത്.

(ഡി) സമരം നടത്തി വരുന്നതായി അറിവില്ല.

(ഇ) ഉണ്ട്.

(എഫ്) ഈ സംഗതിയിൽ ഒ.പി.10298/2000 എന്ന നമ്പരിൽ ഒരു കേസ് കേരള ഹൈക്കോടതിയിൽ നിലവിലുണ്ട്. ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) ഇപ്പോഴത്തെ ഡയറക്ടറുടെ ഡെപ്യൂട്ടേഷൻ കാലാവധി നീട്ടിക്കൊടുക്കുന്നതു സംബന്ധിച്ച സംഗതി സർക്കാരിന്റെ പരിഗണനയിലാണ്. നിലവിലുള്ള സർവീസ് സ്പെഷ്യൽ റൂൾസ് പ്രകാരം അപ്രകാരം ചെയ്യാവുന്നതാണ്. കൂടാതെ, എസ്റ്റിമേറ്റ്സ് കമ്മിറ്റി (1993-95)യുടെ 13-ാമത് റിപ്പോർട്ടിൽ ഒരു ഐ.എ. ആന്റ് എ.എസ്. ഉദ്യോഗസ്ഥനെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറായി നിയമിക്കണമെന്ന് ശുപാർശയും ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ ഡയറക്ടറുടെ നിയമന കാലാവധി നിലവിലുള്ള ഉത്തരവനുസരിച്ച് 27.2.2001 ൽ അവസാനിക്കും.

(എച്ച്) നിലവിലുള്ള ഒ.പി. കേസിൽ ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയ സമ്പാദ്യപദ്ധതിയിൽ കേന്ദ്രഗവൺമെന്റിന് കൊടുത്തു തീർക്കാനുള്ള തുക

54 (387) ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യപദ്ധതിയിൽ സംസ്ഥാനത്തിനു ലഭിച്ച വകയിൽ കേന്ദ്ര ഗവൺമെന്റിന് ഇപ്പോൾ എന്തുതുക കൊടുത്തുതീർക്കാനുണ്ട്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ ഇനത്തിൽ കൊടുത്തുതീർക്കാനുള്ള തുക എത്രയായിരുന്നു;

(സി) ഈ ഗവൺമെന്റ് ഈയിനത്തിൽ ഇതുവരെ എന്തു തുക കേന്ദ്രത്തിന് അടച്ചിട്ടുണ്ട്;

(ഡി) ഈ വർഷം ദേശീയ സമ്പാദ്യപദ്ധതി വിഹിതമായി ഇതുവരെ എന്തു തുക കിട്ടിയിട്ടുണ്ട്?

ഉത്തരം

(എ) 31.3.2000 വരെ 2528.53 കോടി രൂപ

(ബി) 1716.82 കോടി രൂപ

(സി) 166.63 കോടി രൂപ

(ഡി) ലഭ്യമായ കണക്കുപ്രകാരം 1.9.2000 വരെ 245.16 കോടി രൂപ.

നാഷണൽ സേവിംഗ്സ് നിക്ഷേപകർക്കുള്ള ഇൻസെന്റീവ്

55 (388) ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly